**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2175** **30-09-2025 - ൽ മറുപടിയ്ക്ക്**

**തവനൂർ സെൻട്രൽ ജയിലിൽ ആശുപത്രി നിർമ്മിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | എഴുന്നൂറ്റി അൻപതിലധികം തടവുകാരുള്ള തവനൂർ സെൻട്രൽ ജയിലിൽ നിലവിൽ ആശുപത്രിയില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; തടവുകാരെ സ്ഥിരമായി ചികിത്സയ്ക്ക് പുറത്തുകൊണ്ടുപോകുകയെന്നത് പ്രയാസപ്പെട്ട കാര്യമായതിനാൽ ജയിലിൽ ആശുപത്രി നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (എ) | തവനൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിൽ ആശുപത്രി ബ്ലോക്കിന്റെ ആദ്യഘട്ടനിർമ്മാണത്തിലേക്കായി 2024-25 വർഷത്തെ 'തടവുകാരുടെ ക്ഷേമം' വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 1,75,00,000/- രൂപയുടെ (ഒരു കോടി എഴുപത്തിയഞ്ച് ലക്ഷം രൂപ) ഭരണാനുമതി, 25.12.2024 തീയതിയിലെ സ.ഉ(കൈ) നം.273/2024/ആഭ്യന്തരം പ്രകാരം നൽകുകയും തുക മലപ്പുറം പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം എക്സി. എഞ്ചിനീയർക്ക് ഡെപോസിറ്റ് ചെയ്ത് നൽകിയിട്ടുള്ളതുമാണ്. |
| (ബി) | പ്രസ്തുത ജയിലിലെ ജീവനക്കാർക്ക് താമസിക്കാൻ ക്വാർട്ടേഴ്സില്ലാത്തതിനാൽ പരിസരത്തു നിന്നുമാറി വാടകക്കെട്ടിടങ്ങളിൽ താമസിക്കേണ്ടിവരുന്ന സാഹചര്യത്തിൽ അവിടെ ക്വാർട്ടേഴ്സ് നിർമ്മിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) | തവനൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിനോട് ചേർന്നു കിടക്കുന്ന ഒരേക്കർ ഭൂമിയുടെ സർവ്വേ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക്, ക്വാർട്ടേഴ്സിന് പ്രസ്തുത സ്ഥലം അനുയോജ്യമാകുമോയെന്ന കാര്യം ഉൾപ്പെടെ പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ